പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 4008 — 21/06/2019 ൽ മറുപടിക്ക്

## ശബരിമല വികസനത്തിന് പ്രത്യേക ഉദ്ദേശ്യ കമ്പനി

ചോദ്യം — മറുപടി

**ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ** — കടകംപള്ളി സുരേന്ദ്രൻ (സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ശബരിമല, പമ്പ, നിലയ്ക്കൽ മറ്റ് ഇടത്താവളങ്ങൾ എന്നിവിടങ്ങളിൽ തീർത്ഥാടകർക്ക് കൂടുതൽ സൗകര്യം ഏർപ്പെടുത്തുന്നതിനും അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിനും പ്രത്യേക ഉദ്ദേശ്യ കമ്പനി രൂപീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | പ്രത്യേക ഉദ്ദേശ്യ കമ്പനി രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | ശബരിമല വികസനത്തിനായി കിഫ്ബിയിൽ ഈ വർഷം തുക വകയിരുത്തിയിട്ടുണ്ടോ; | (ബി) | ശബരിമല ഇടത്താവളം പദ്ധതിയ്ക്കായി 150 കോടി രൂപയുടെ പ്രവൃത്തികൾക്ക് KIIFB അംഗീകാരം നൽകിയിട്ടുണ്ട്.ഈ പ്രവൃത്തികളുടെ ഡി.പി.ആർ തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. |
| (സി) | 2019-20 ലെ ബജറ്റിൽ ശബരിമലയിലെ വിവിധ വികസന പ്രവർത്തനങ്ങൾക്കായി എന്ത് തുക വകയിരുത്തിയിട്ടുണ്ട്; ഏതൊക്കെ പദ്ധതികൾ നടപ്പിലാക്കുവാനാണ് ഈ തുക വകയിരുത്തിയിട്ടുള്ളത്; | (സി) | ശബരിമല മാസ്റ്റർ പ്ലാൻ പദ്ധതിക്കായി ഈ വർഷം 28 കോടി രൂപയും ശബരിമലയുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്കായി 739 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. |
| (ഡി) | പ്രത്യേക കമ്പനി രൂപീകരണത്തിലൂടെ ശബരിമലയിലെ വികസന പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുവാൻ സാധിക്കുമെന്ന് വിലയിരുത്തുന്നുണ്ടോ എന്നറിയിക്കാമോ? | (ഡി) | സമയ ബന്ധിതമായി പൂർത്തിയാക്കുവാൻ സാധിക്കുമെന്നാണ് കരുതുന്നത്. |

സെക്ഷൻ ഓഫീസർ